പത്രക്കുറിപ്പ്
5-5-2018

**2017-18 വർഷത്തിൽ**
**10663 പേർക്ക് സൗജന്യ നൈപുണ്യ പരിശീലനം**
**9196 പേർക്ക് തൊഴിൽ**

## ഡി.ഡി.യു.ജി.കെ.വൈ പദ്ധതി മികച്ച രീതിയിൽ നടപ്പാക്കൽ: കുടുംബശ്രീ ദേശീയ പുരസ്കാരം സ്വീകരിച്ചു

തിരുവനന്തപുരം: ഗ്രാമീണ മേഖലയിലെ നിർധനരായ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനത്തോടൊപ്പം തൊഴിലും നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതി ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന(ഡിഡിയുജികെവൈ)സംസ്ഥാനത്ത് മികച്ച രീതിയിൽ നടപ്പാക്കിയതിന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ പുരസ്കാരം കുടുംബശ്രീക്ക് ലഭിച്ചു. ഝാർഖണ്ഡിലെ റാഞ്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ കേന്ദ്ര ഗ്രാമ വികസന വകുപ്പ് മന്ത്രി നരേന്ദ്ര സിങ്ങ് തീമോർ, ഝാർഖണ്ഡ് മുഖ്യമന്ത്രി രഘുബർ ദാസ് എന്നിവരിൽ നിന്നും കുടുംബശ്രീക്കു വേണ്ടി ഡി.ഡി.യു.ജി.കെ.വൈ ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസർ ഡോ.പ്രവീൺ സി.എസ്, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഷിബു എൻ.പി എന്നിവർ ശിൽപവും സർട്ടിഫിക്കറ്റും അടങ്ങുന്ന പുരസ്കാരം സ്വീകരിച്ചു. ഈ രംഗത്ത മികച്ച പ്രവർത്തനത്തിന് കഴിഞ്ഞ വർഷവും കുടുംബശ്രീക്ക് ദേശീയ പുരസ്കാരം ലഭിച്ചിരുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷം ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയുമായി ബന്ധപ്പെട്ട മികച്ച പ്രവർത്തനങ്ങളിലൂടെ ഗ്രാമീണ മേഖലയിലെ 10663 ഓളം യുവജനങ്ങൾക്ക് സൗജന്യ തൊഴിൽ നൈപുണ്യ പരിശീലനവും ജോലിയും ലഭ്യമാക്കിയതിനാണ് അവാർഡ്. ഈ വർഷം 30,000 പേർക്ക് നൈപുണ്യ പരിശീലനം നൽകാനാണ് ലക്ഷ്യമിടുന്നത്.

ഓരോ വർഷവുമുള്ള ഗുണഭോക്താക്കളുടെ എണ്ണം, പരിശീലനം നേടിയവർക്ക് ഉറപ്പാക്കിയ തൊഴിൽ ലഭ്യത, വിവിധ പരിശീലന ഏജൻസികളുമായി ധാരണാപത്രം ഒപ്പു വയ്ക്കൽ, മൈഗ്രേഷൻ സപ്പോർട്ട്, പദ്ധതി ഊർജിതപ്പെടുത്തുന്നതിനായി നൂതന സാങ്കേതിക വിദ്യകളുടെയും വിവര സാങ്കേതിക വിദ്യയുടെയും ഉപയോഗം, പദ്ധതി ഗുണഭോക്താക്കൾക്ക് ആത്മവിശ്വാസം വളർത്താൻ ഉപകരിക്കുന്ന ബഹുമുഖ വിദ്യാഭ്യാസ പരിപാടികൾ എന്നിവ ഉൾപ്പെടെ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളുടെ വിലയിരുത്തൽ, പുരസ്കാര നിർണയ കമ്മിറ്റക്കു മുമ്പാകെയുള്ള പ്രവർത്തനങ്ങളുടെ അവതരണം എന്നിവയാണ് പുരസ്കാരം നിർണയത്തിനായി സ്വീകരിച്ച മാനദണ്ഡങ്ങൾ. ഇന്ത്യയിലെ 29 സംസ്ഥാനങ്ങളിലും കൂടാതെ എല്ലാ കേന്ദ്ര ഭരണ പ്രദേശങ്ങളിലും ഇപ്പോൾ പദ്ധതി നടപ്പാക്കുന്നുണ്ട്. പരിശീലനാർത്ഥികൾക്കു നൽകുന്ന മികച്ച അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ, നൂതനവും വൈവിധ്യമുള്ളതുമായ കോഴ്സുകൾ, കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരമുള്ള എൻ.സി.വി.ടി, എസ്.എസ്.സി സർട്ടിഫിക്കറ്റുകൾ, നടത്തിപ്പിലെ സൂക്ഷ്മത എന്നിവയും പുരസ്കാര നിർണയത്തിനു പരിഗണിച്ചിരുന്നു.

\

ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിൽ ഉൾപ്പെടുത്തി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്താഭിമുഖ്യത്തിലാണ് കുടുംബശ്രീ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. ഗുണഭോക്താക്കളുടെ അഭിരുചിക്കും യോഗ്യതയ്ക്കും അനുസരിച്ചാണ് വിവിധ മേഖലകളിൽ പരിശീലനം നൽകുന്നത്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**